

# തദ്ദേശസ്വയംഭരണ സ്ഥാപനം
# ദുരന്ത നിവാരണ പദ്ധതിഘടനയും
# മാർഗ്ഗരേഖയും

| | |
|---|---|
| തദ്ദേശസ്വയം ഭരണ സ്ഥാപനം | : ഏറ്റുമാനൂർ നഗരസഭ |
| താലൂക്ക് | : കോട്ടയം |
| വില്ലേജുകൾ | : ഏറ്റുമാനൂർ, പേരൂർ, പെരുമ്പായിക്കാട് |
| ജില്ല | : കോട്ടയം |

2026–2027

## എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**
ശ്രീ. ടോമി കുരുവിള പുളിമാൻതുണ്ടം (ചെയർപേഴ്സൺ, ഏറ്റുമാനൂർ നഗരസഭ)
**പബ്ലീഷർ**
ശ്രീ. ജൂഹി മരിയ ടോം (സെക്രട്ടറി, ഏറ്റുമാനൂർ നഗരസഭ)
**എഡിറ്റർ**
ശ്രീ. അജിത് കുമാർ ബി. (സൂപ്രണ്ട്, ഏറ്റുമാനൂർ നഗരസഭ)
**സബ് എഡിറ്റേഴ്സ്**
ശ്രീമതി ശ്രുതി റ്റി.ആർ (സീനിയർ ക്ലർക്ക് ഏറ്റുമാനൂർ നഗരസഭ
ശ്രീമതി പുഷ്പ വിജയകുമാർ (വൈസ് ചെയർപേഴ്സൺ, ഏറ്റുമാനൂർ നഗരസഭ)
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ശ്രീ. ബിബിൻ ബാബു (ചെയർപേഴ്സൺ, സ്റ്റാൻഡിംഗ് കമ്മറ്റി)
ശ്രീമതി പ്രിയ സജീവ് (ചെയർപേഴ്സൺ, സ്റ്റാൻഡിംഗ് കമ്മറ്റി)
ശ്രീ. മാത്യു വാക്കത്തുമാലിൽ (ചെയർപേഴ്സൺ, സ്റ്റാൻഡിംഗ് കമ്മറ്റി)
ശ്രീമതി മേരിക്കുട്ടി ജോസഫ് (ചെയർപേഴ്സൺ, സ്റ്റാൻഡിംഗ് കമ്മറ്റി)
അഡ്വ. ജേക്കബ് ഡി നെല്ലിക്കാപ്പള്ളി (ചെയർപേഴ്സൺ, സ്റ്റാൻഡിംഗ് കമ്മറ്റി)
**പബ്ലീഷിംഗ് കോർഡിനേറ്റേഴ്സ്**
ശ്രീ. സുരേഷ് കുമാർ ആര് (ബ്ലോക്ക് കോർഡിനേറ്റർ , കില)
ശ്രീ. എം.ഡി. വർക്കി (ദുരന്ത നിവാരണ പദ്ധതി കൺവീനർ, കില)

## ആശംസകൾ

ഏറ്റുമാനൂർ നഗരസഭയുടെ വികസന പ്രവർത്തനങ്ങളും അതോടൊപ്പം നാം നടത്തുന്ന പരിസ്ഥിതി പ്രകൃതി ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും നഗരസഭയോടൊപ്പം ചേർന്നു നിന്നുകൊണ്ട് പ്രവർത്തിക്കുന്ന എല്ലാ സന്നദ്ധ പ്രവർത്തകർക്കും ആശംസകൾ നേരുന്നു. നഗരസഭ നടത്തുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങൾ വളരെ മികച്ചതും അങ്ങേയറ്റം പ്രശംസനീയവുമാണ്. ദുരന്ത ലഘൂകരണപ്രവർത്തനങ്ങളിലും തുടർപ്രവർത്തനങ്ങളിലും നഗരസഭയോടൊപ്പം ചേർന്നു നിന്നുകൊണ്ട് പ്രവർത്തിക്കുന്ന പൊതുജനങ്ങൾക്കും സന്നദ്ധ പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും ആയതിന്റെ മികവ് സംസ്ഥാനത്തൊട്ടാകെ മാതൃകയാകുന്ന വിധത്തിൽ നടത്തുന്ന മികച്ച പ്രവർത്തനങ്ങൾക്കും ഹൃദയം നിറഞ്ഞ ആശംസകൾ

(ഒപ്പ്)
**വി.എൻ. വാസവൻ**
ബഹു. സഹകരണ രജിസ്ട്രേഷൻ
സാംസ്കാരിക വകുപ്പ് മന്ത്രി
ഏറ്റുമാനൂര് എം.എൽ.എ.

## നഗരസഭാ ചെയർപേഴ്സന്റെ സന്ദേശം

ഒട്ടും ആസൂത്രണമില്ലാത്ത പുരോഗമന പ്രവർത്തനങ്ങളും വ്യക്തമായ ഉൾക്കാഴ്ചയില്ലാതെ നടത്തിവരുന്ന വികസന പ്രവർത്തനങ്ങളും ഭൂമിക്കും പ്രകൃതിക്കും ചരമഗീതം പാടേണ്ട അവസ്ഥ സംജാതമാക്കിയിരിക്കുന്നു. ദ്രുതഗതിയിൽ മനുഷ്യൻ നടത്തുന്ന പ്രവർത്തനങ്ങൾ ഭൂമിക്കും പ്രകൃതിക്കും നാശകരമായ മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ട് സന്തുലിതാവസ്ഥ തകിടം മറിക്കുമ്പോഴും അതിൻറെ പ്രത്യാഘാതം ദുസ്സഹവും ദുഷ്കരവും ആകുമ്പോഴും ഉണ്ടാകുന്ന മനുഷ്യന്റെ നിസ്സഹായവസ്ഥയാണ് നാം 2018-19 വർഷങ്ങളിൽ അഭിമുഖീകരിച്ചത്. പ്രകൃതിയുടെ സംതുലിതാവസ്ഥക്ക് ഭംഗം വരുത്തുന്ന അത്യന്തം വിനാശകരമായ പ്രവർത്തനങ്ങൾക്ക് തിരിച്ചടിയെന്നോണം മാനവരാശിയെ മുഴുവൻ നാശത്തിലേക്ക് വലിച്ചിഴയ്ക്കുന്നതുമായ മാറ്റം ആഗോളതാപനം ആണ്. ആൻറാർട്ടിക്കയിലെ മഞ്ഞുരുകുന്നതും സമുദ്രജലത്തിന്റെ അളവുകൂട്ടുന്നതും അറിയുമ്പോൾ വരാനിരിക്കുന്ന പ്രകൃതിയുടെ കൊട്ടുംതാണ്ഡവത്തെക്കുറിച്ച് അറിയാതെ പോകുന്നത് മനുഷ്യന്റെ ജന്മസിദ്ധമായ സ്വാർത്ഥത ഒന്നുകൊണ്ടുമാത്രമാണ്. നമ്മുടെ പ്രകൃതിയെ മലിനപ്പെടുത്താതിരിക്കാൻ അന്തരീക്ഷത്തിൽ പ്രാണവായുവിന്റെ ലഭ്യത ഉറപ്പുവരുത്താൻ, നാം ഒരുമിച്ച് തോളോട് തോൾ ചേർന്ന് പ്രവർത്തിക്കണം. പ്രകൃതി ദുരന്തങ്ങൾ വാരി വിതറുമ്പോൾ സംയമനം പാലിച്ച് പ്രാദേശികമായ സഹകരണം ഉറപ്പാക്കി രക്ഷാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ കഴിയണം. ഈയൊരു സാഹചര്യത്തിലാണ് കേരളാ സർക്കാർ പ്രാദേശികഭരണ നിർവ്വഹണത്തിലും ദുരന്ത നിവാരണത്തിലും ഒരു പ്രത്യേക പദ്ധതിക്കായി രൂപം കൊടുത്ത് ദുരന്ത നിവാരണ പദ്ധതി ആവിഷ്കരിച്ചത്. സർക്കാരിന്റെ ഈ പദ്ധതിയിൽ ഏറ്റുമാനൂർ നഗരസഭയിലെ മുഴുവൻ വാർഡുകളിലെയും സേവന സന്നദ്ധരായവർ മനസ്സും ശരീരവും മറന്ന് സഹജീവികളുടെ രക്ഷയ്ക്കായി കഠിന പ്രയത്നം ചെയ്തത് പ്രശംസാകരമാണ്. പ്രളയ ദുരിതത്താല് പേരൂർ-മീനച്ചിലാർ കരകവിഞ്ഞതോടെ, താഴ്ന്ന പ്രദേശങ്ങളിൽ വളരെ ചെറുതോടുകൾ തുറക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇനിയും ഇത്തരത്തിലുള്ള ജനപങ്കാളിത്തം ഉറപ്പാക്കാൻ നഗരസഭ പ്രദേശത്തെ 36 വാർഡുകളിലും കൗൺസിലർമാരുടെ മേൽ നോട്ടത്തിൽ സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മയും, ജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുണ്ട്. എല്ലാവരും ഒന്നിച്ചുചേർന്നു നടത്തിയ പഠനത്തിലൂടെ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയത് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തികൊണ്ട് പുനഃപ്രസിദ്ധീകരിക്കുകയാണ്.

ഏറ്റുമാനൂരിന്റെ വിവിധ ഭാഗങ്ങളിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ എല്ലാവർഷവും ഉണ്ടാകുന്ന പ്രളയം, രോഗം വരൾച്ച എന്നിവയൊക്കെ കൃത്യം ചിന്തനീയമാണ്. ഇത് നേരിടുന്നതിനുള്ള സംവിധാനങ്ങളെപ്പറ്റി ഏറ്റുമാനൂർ നഗരസഭാ നിവാസികളും വാർഡുതലത്തിൽ സർക്കാർ നിർദ്ദേശിച്ച രീതിയിലുള്ള കൂട്ടായ ചർച്ചകളിലൂടെയും FGD, Transect Walk എന്നിവയിലൂടെയും സമാഹരിച്ച രേഖകളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഇവിടെ ക്രോഡീകരിച്ച് തയ്യാറാക്കിയ പുസ്തകം കൂടുതൽ വിവരങ്ങൾ കൂട്ടിചേർത്ത് പുനഃപ്രസിദ്ധീകരിക്കുകയണ്. ചരിത്രത്തിൽ ഇടം പിടിക്കുന്ന തരത്തിൽ ലോകത്തിലാദ്യമായി ജനകീയാസൂത്രണത്തിന്റെ ചുവടുപിടിച്ച് ദുരന്തനിവാരണ പദ്ധതിയും ജനകീയമായി സമാഹരിച്ച് അവതരിപ്പിക്കുന്ന ഈ അവസരത്തിൽ ഇതിൽ സഹകരിച്ച എല്ലാ പ്രബുദ്ധരായ നഗരവാസികളോടും സർവ്വാത്മനാ നന്ദി രേഖപ്പെടുത്തുന്നു. ഏറ്റുമാനൂർ നഗരസഭയുടെ ചരിത്രം പഠിക്കുന്ന ഏതൊരാൾക്കും ഈടുറ്റ പഠനവസ്തുവായി ഈ പുസ്തകം മാറട്ടെയെന്നാഗ്രഹിച്ചുകൊണ്ട് ആശംസകളോടെ,

(ഒപ്പ്)

ശ്രീ. ടോമി കുരുവിള പുളിമാൻതുണ്ടം
ചെയർപേഴ്സണ്, ഏറ്റുമാനൂര് നഗരസഭ

## പ്രസാധക കുറിപ്പ്

ജനാധിപത്യത്തിന്റെയും മതമൈത്രിയുടെയും ഈറ്റില്ലമായ ഏറ്റുമാനൂർ പുരാണങ്ങളില് പ്രതിപാദിക്കപ്പെടുന്നതും ദക്ഷിണേന്ത്യയിലെ അതിപുരാതനവുമായ ഏറ്റുമാനൂർ ക്ഷേത്രത്താൽ പ്രസിദ്ധവുമായ നഗരമാണ്. അമൃതവാഹിനിയായ മീനച്ചിലാർ തൊട്ടനുഗ്രഹിച്ച ഈ പ്രദേശം 50 ശതമാനത്തോളം കുന്നിൻ പ്രദേശവും 30 ശതമാനത്തോളം ചരിവു പ്രദേശവും 20 ശതമാനത്തോളം നിലവും ഉൾപ്പെട്ടതാണ്. വിവിധ ഭൂപ്രകൃതിയാൽ സമ്പുഷ്ടമായ ഈ നാടിന്റെ ഒരു ഭാഗം തികച്ചും നഗരാന്തരീക്ഷവും മറുഭാഗം ഗ്രാമാന്തരീക്ഷവും നിറഞ്ഞതാണ്. മീനച്ചിലാറിന്റെ കളകളാരവവും വയലേലകളിലൂടെയുള്ള കാറ്റും പക്ഷികളുടെ കളകൂജനങ്ങളും കൊണ്ട് അനുഗ്രഹീതമാണ് ഏറ്റുമാനൂര്. എങ്കിലും അടിക്കടിയുണ്ടായ പ്രളയ ദുരന്തങ്ങൾ എല്ലായിടത്തുമെന്നതുപോലെ ഏറ്റുമാനൂരിനെയും ദുരിതത്തിലാഴ്ത്തിയിരുന്നു. ഈ ദുരന്തങ്ങളിൽ നിന്ന് കരകയറുന്നതിന് മുമ്പ് തന്നെ ലോകമാകമാനം വ്യാപിച്ചിട്ടുള്ള കോവിഡ് 19 എന്ന മഹാമാരിയെയും അതിജീവിക്കേണ്ടതായി വന്നിരുന്നു. പ്രളയദുരന്ത സമയത്തും പ്രളയാനന്തര പ്രവർത്തനങ്ങളിലും അവസരോചിതമായും ക്രിയാത്മകമായും ഇടപെടുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിലും മാതൃകാപരമായ പ്രവർത്തനങ്ങൾ നഗരസഭ കാഴ്ചവച്ചിരുന്നു. ഇതേ തുടർന്ന് നഗരസഭാ പ്രദേശത്ത് ഓരോ വാർഡ് തലത്തിലും ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുകയും അവരോടൊപ്പം സാമൂഹിക സംഘടനകൾ എൻ.ജി.ഒ.കൾ, യുവജന സംഘടനകൾ മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവരെ സംഘടിപ്പിച്ചുകൊണ്ട് ദുരന്തലഘൂകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതാണ്. ഈ പ്രവർത്തനങ്ങളിലെല്ലാംതന്നെ സഹകരിച്ച എല്ലാവർക്കും ഹൃദയത്തിൻറെ ഭാഷയില് നന്ദി പറയുന്നതിനൊടൊപ്പം ഇനിയുള്ള എല്ലാ പ്രവർത്തനങ്ങളിലും ഒറ്റക്കെട്ടായി കൈകോർത്ത് നമുക്ക് മുന്നേറാനാകും എന്ന പ്രതീക്ഷയോടെ,

സ്നേഹാദരങ്ങളോടെ,


(ഒപ്പ്)
ജൂഹി മരിയ ടോം
സെക്രട്ടറി
ഏറ്റുമാനൂർ നഗരസഭ

## എഡിറ്റോറിയൽ കുറിപ്പ്

ബഹു. കേരള സർക്കാരിൻറെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഏഴരപ്പൊന്നാനകളുടെ നാടായ ഏറ്റുമാനൂർ നഗരസഭയുടെ ദുരന്ത നിവാരണ പദ്ധതിരേഖ പൂർത്തീകരിച്ചിരിക്കുകയാണ്. കിലയും ദുരന്ത നിവാരണ അതോറിട്ടിയും സംയുക്തമായി നടത്തിയ പരിശീലനത്തിൻറെ ഭാഗമായിട്ടാണ് ഇതുപോലെ ഒരു രേഖ തയ്യാറാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. നഗരസഭയുടെ വിവിധ വാർഡുകളിലും ദുരന്ത സാദ്ധ്യത കൂടുതലുള്ള സ്ഥലങ്ങളിലും ജനകീയ തലത്തില് കൂട്ടായ്മകളും ചർച്ചകളും നടത്തുകയുണ്ടായി. ജാഗ്രതാ സമിതികൾ രൂപീകരിച്ച് സമൂഹത്തിലെ സാധാരണക്കാരും, സർക്കാർ ഉദ്യോഗസ്ഥരും, സേവന മേഖലയിൽ ജോലി ചെയ്യുന്നവരും, സർക്കാർ ഇതര സംഘടനകളിലെ ഉത്തരവാദിത്വപ്പെട്ടവർ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, അയൽക്കൂട്ടങ്ങൾ, കുടുംബശ്രീ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സേവനം ചെയ്യുന്ന സുമനസ്സുകളുടെയും സഹകരണമാണ് ഈ ശ്രമം വിജയിക്കാൻ കാരണമായത്. കിലയുടെ ജില്ലാകോർഡിനേറ്റർ ശ്രീ. എം. മനോഹരൻ, കിലയുടെ ഏറ്റുമാനൂര് ബ്ലോക്ക് കോർഡിനേറ്റർ ശ്രീ. സുരേഷ്കുമാർ ആർ, ഈ പദ്ധതി രേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങളിൽ ആദ്യം മുതൽ അന്ത്യംവരെ എല്ലാ കാര്യങ്ങൾക്കും ചുക്കാൻ പിടിച്ച ദുരന്ത നിവാരണ പദ്ധതി കൺവീനർ ശ്രീ.എം. വർക്കി എന്നിവരെ നന്ദിപൂർവ്വം സ്വീകരിക്കുന്നതോടൊപ്പം സ്ഥിതിവിവര കണക്കുകൾ നൽകി സഹകരിച്ച ഏറ്റുമാനൂർ നഗരസഭാ ചെയർപേഴ്സൺ ശ്രീ. ടോമി കുരുവിള, സെക്രട്ടറി ശ്രീ. ജൂഹി മരിയ ടോം വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥ സുഹൃത്തുകൾക്കും ഭരണ സമിതി അംഗങ്ങൾക്കും മുഴുവൻ സഹപ്രവർത്തകർക്കും എന്റെ നിസ്സീമവും നിഷ്കളങ്കവുമായ നന്ദി അങ്ങേയറ്റം സ്നേഹത്തോടെ രേഖപ്പെടുത്തികൊള്ളുന്നു. ഈ പദ്ധതി രേഖ ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനും അതിന്റെ ആഘാതം കുറയ്ക്കുന്നതിനും സഹായകരമാവുമെന്ന് ഞാൻ വിശ്വസിക്കുന്നു.

കൃതജ്ഞതയോടെ,

(ഒപ്പ്)
അജിത് കുമാർ ബി.
സൂപ്രണ്ട്
ഏറ്റുമാനൂർ നഗരസഭ




## ഏറ്റുമാനൂർ മുനിസിപ്പാലിറ്റി വാർഡ് തല മാപ്പ്-2024

**<u>വാർഡുകള്</u>**

1 കൊടുവത്താനം
2 കുരീച്ചിറ
3 വള്ളിക്കാട്
4 മങ്കര
5 ക്ലാമറ്റം
6 മരങ്ങാട്ടിക്കാലാ
7 കട്ടച്ചിറ
8 നട്ടവത്തേരി
9 വെട്ടിമുകൾ
10 പുന്നത്തുറ
11 മാടപ്പാട്
12 വള്ളിയാംപൊയ്ക
13 കണ്ണൻപുര
14 പേരൂർ
15 പാറേക്കടവ്
16 പുളിമൂട്
17 ജെ.ബി.എൽ.പി. എസ് പേരൂർ
18 കണ്ടംചിറ
19 കരിയാറ്റപ്പുഴ
20 മന്നാമല
21 പൂവത്തുംമൂട്
22 പഴയംപ്ലാത്ത്
23 മാമ്മൂട്
24 തെള്ളകത്തുശ്ശേരി
25 തെള്ളകം
26 കാരിത്താസ്
27 101 കവല
28 എം.എച്ച്.സി.
29 യൂണിവേഴ്സിറ്റി
30 ചെറുവാണ്ടൂർ
31 ഏറ്റുമാനൂർ ഈസ്റ്റ്
32 ഏറ്റുമാനൂർ
33 ഏറ്റുമാനൂർ ടൌൺ
34 സി.എച്ച്.സി.
35 കണ്ണാറമുകൾ
36 അമ്പലം

## ആമുഖം

മനുഷ്യൻറെ നിലനിൽപ്പിനാധാരം വൈവിദ്ധ്യങ്ങൾ നിറഞ്ഞ ജീവ പ്രകൃതിയാണ്. പ്രകൃതി നൽകുന്ന ഓജസ്സും തേജസ്സുമാണ് മനുഷ്യന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ വഴികാട്ടിയായി കൂടെ നിൽക്കുന്നത്. പഞ്ചഭൂതാത്മകമായ പ്രകൃതി ചൈതന്യവത്തായ ഒന്നാണ്. ആദിമകാലങ്ങളിൽ മനുഷ്യൻ അതിൻറെ സത്തായ വരം ഉൾക്കൊണ്ട് പ്രകൃതിയെ പൂജിച്ചു പോന്നിരുന്നു. പ്രത്യേകിച്ച് ഭാരതദേശത്ത് പർവ്വതങ്ങൾ, നദികൾ, സമുദ്രങ്ങൾ, വൃക്ഷങ്ങൾ, പക്ഷികൾ, മൃഗങ്ങൾ തുടങ്ങി പ്രകൃതിയാൽ പരിപാലിക്കപ്പെടുന്നവയിലെല്ലാം ഈശ്വരാംഗം ഉണ്ടെന്ന് തന്നെ വിശ്വസിച്ചുപോന്നു. എന്നാൽ യുഗങ്ങൾക്കിപ്പുറം വിവേകകുലകിയായ മനുഷ്യന് പരിക്ഷണങ്ങൾ നടത്തിനടത്തി പിന്നീടത് അവന്റെ വിജയഗാഥയായി ആർക്കും ചോദ്യം ചെയ്യാനാകാത്തവിധം പ്രകൃതിയെ ചൂഷണം ചെയ്യുന്നതിൽ മത്സരം തുടങ്ങി. അവിടെ പ്രകൃതി ദുരന്തങ്ങൾക്കുള്ള ആദ്യ അദ്ധ്യായം രചിക്കപ്പെട്ടു. അതുവരെയ്ക്കും ശാന്തമായിരുന്ന പ്രകൃതിയുടെ താളം തെറ്റി. മണ്ണ്, വെള്ളം, വായു, അന്തരീക്ഷം എന്നിവയെല്ലാം മലിനമാക്കപ്പെട്ടു. അന്തരീക്ഷ ഉഷ്മാവ് വർദ്ധിച്ചു. കടൽക്ഷോഭിച്ചു. മലകളിൽ മണ്ണിടിച്ചിൽ ഉണ്ടായി, ജലാശയങ്ങൾ നിറഞ്ഞു കവിഞ്ഞു. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കം, കൃഷിയിടങ്ങൾ തകർന്നു. ഇതെല്ലാം മനുഷ്യന്റെ അത്യാർത്തിയുടെയും പ്രകൃതിയിലേയ്ക്കുള്ള നിർഭീതവുമായ കൈകടത്തലിന്റെയും പ്രതിഫലമാണ്. കഠിനമായ വേനൽ, കനത്തമഴ, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, അഗ്നിപർവ്വത സ്ഫോടനം, മലയിടിച്ചിൽ ഊഷ്മാവ് കൂടിയതുമൂലമുള്ള മഞ്ഞുരുകൽ ഇവയെല്ലാം മനുഷ്യ സൃഷ്ടികളാണെന്നു പറയാം. ഇപ്പോഴത്തെ അവസ്ഥയിലും ഇനിവരുന്ന നാളുകളിലും പ്രകൃതി ഏതു തരത്തിൽ പ്രതികരിക്കാമെന്നറിയാതെ പോകരുത് എന്നു കരുതി ഏതു പ്രതിസന്ധിഘട്ടത്തെയും നേരിടാൻ തക്കവണ്ണം സുസജ്ജമായ രക്ഷാപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. പ്രകൃതി ദുരന്തങ്ങൾ വൻവിപത്തുകള് സൃഷ്ടിച്ചു കടന്നു പോകുന്നു. അവ ഏൽപിക്കുന്ന ആഘാതങ്ങൾ ചെറുതല്ല. പ്രകൃതിയുടെ സ്വത്തായ നിരവധി വനങ്ങൾ, അനേകം ജീവജാലങ്ങൾ കൃഷിയിടങ്ങൾ സ്വപ്നഭവനങ്ങൾ ഉൾപ്പെടെ സമ്പാദ്യങ്ങൾ എല്ലാം തകർന്നടിയുന്നു. നിലനിൽപ്പിനുതന്നെ ഭീഷണിയാകുന്ന സാഹചര്യം നാം പലപ്പോഴും ദർശിച്ചിട്ടുണ്ട്. പക്ഷേ അതിൽ നിന്നും നാം അതിജീവനത്തിലൂടെ പുറത്തു വരേണ്ടതുണ്ട്. സ്വയം ആശ്വസിച്ചും മറ്റുള്ളവരെ ആശ്വസിപ്പിച്ചുകൊണ്ടും മനുഷ്യൻ ഈ യുദ്ധത്തിൽ പൊരുതി നേടേണ്ടതുണ്ട്. അതിന്റെ ആദ്യത്തെ ചുവടുവയ്പ്പ് എന്ന നിലയില് ഈ ഭൂമിയെയും പ്രകൃതിയെയും സംരക്ഷിക്കാം എന്ന പ്രതിജ്ഞയോടെ നമുക്ക് ഉത്തരവാദിത്വവും കടപ്പാടും മറക്കാതിരിക്കാം.

## സാംസ്കാരികം

എ.ഡി. 14–ാം നൂറ്റാണ്ടിലെ **"ഉണ്ണുനീലി സന്ദേശം"** എന്ന മലയാളത്തിലെ ആദ്യ സന്ദേശകാവ്യത്തിൽ ഏറ്റുമാനൂർ ക്ഷേത്രത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. അതിനും വളരെയേറെ പഴക്കം ചെയ്ത ഒരു ക്ഷേത്രസംസ്കാരവും അതിനെ ചുറ്റിപ്പറ്റിയുള്ള കാർഷിക സംസ്കാരവും ആയിരുന്നു. ഏറ്റുമാനൂരിൽ ഉണ്ടായിരുന്നത്. മനോഹരമായ മലകളും തോടുകളും കൃഷിയിടങ്ങളും കണ്ണെത്താദൂരത്തോളം പുഞ്ചപ്പാടങ്ങളും ഒക്കെയുണ്ടായിരുന്നതും

കാളവണ്ടികളിൽ പച്ചക്കറി, പലചരക്ക് സാധനത്തിന് ഗതാഗതം നടത്തിയിരുന്ന പഴമയുടെയും സാഹോദര്യത്തിൻറെയും തനിമ നിലനിന്നിരുന്ന കാലം ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം സഹോദരങ്ങൾ തമ്മിൽ നല്ല സൗഹാർദ്ദത്തിലാകുന്നു. ഇന്നും ഈ സൌഹൃദം നിലനിന്നു പോരുന്നു. മറ്റെങ്ങും കാണാത്ത ജാതിമതങ്ങൾക്കതീതമായ സഹകരണം ഏറ്റുമാനൂരിൽ കണ്ടു വരുന്നു. ഈ നാട്ടിലെ ജനങ്ങൾ ജാതിമതഭേദമില്ലാതെ അവർക്കിഷ്ടപ്പെടുന്ന ദേവാലയങ്ങൾ സന്ദർശിച്ചു വരുന്നു. മാനുകളുടെ നാടായിരുന്ന "**ഹരിണപുരേശം**" പിന്നീട് 8 മനകളുടെ ഭരണത്തിൽ കീഴിലുള്ള "എട്ടുമനയൂർ" എന്ന് അർത്ഥം വരുന്ന "ഏറ്റുമാനൂർ" എന്നറിയപ്പെട്ടതായി കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതീഹ്യമാല എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. ക്രിസ്തുരാജാ ദേവാലയം, ജുമാമസ്ജീദ് എന്നിവ നഗരമദ്ധ്യത്തിൽ തന്നെയുണ്ട്. കൂടാതെ ആഗോള തീർത്ഥാടന കേന്ദ്രമായ മർത്താശ്മൂനിപ്പള്ളി പേരൂർ ഭാഗത്ത് നിലകൊള്ളുന്നു. ഈ ആരാധനാലയങ്ങൾ കൂടാതെ ഒട്ടനവധി വ്യവസായ, വാണിജ്യ, വ്യാപാര സ്ഥാപനങ്ങളും നിരവധി സർക്കാർ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. ഏറ്റുമാനൂർ നഗരസഭാ മദ്ധ്യത്തിലൂടെ എം.സി. റോഡ് കടന്നു പോകുന്നു.

## ലക്ഷ്യങ്ങൾ

കോട്ടയം ജില്ലയിലെ ഏറ്റുമാനൂര് മുനിസിപ്പൽ ഏരിയായിലെ ഭൂപ്രകൃതി വൈവിദ്ധ്യമുള്ളതും കുന്നുകൾ നിറഞ്ഞതും പാടശേഖരവും ഉൾപ്പെട്ടതാണ്. മീനച്ചിലാറിന്റെ തീരപ്രദേശങ്ങൾ ഉൾപ്പെട്ട പേരൂർ ഭാഗം താണനിലവും പ്രളയത്തിന്റെ കെടുതികൾ ബാധിക്കുന്ന പ്രദേശവുമാണ്. ഭാവിയിൽ ഉണ്ടാകാവുന്ന ദുരന്ത സാധ്യതകൾ മുൻനിർത്തി ലഘൂകരണ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കാനും ദുരന്തങ്ങളെ അതിജീവിക്കാൻ മുനിസിപ്പാലിറ്റിക്ക് പര്യാപ്തമാക്കുകയുമാണ് ദുരന്തനിവാരണ പദ്ധതിയുടെ മുഖ്യലക്ഷ്യം.

## വിഷയവ്യാപ്തി

ഏറ്റുമാനൂർ നഗരസഭയിൽ ഉണ്ടായിട്ടുള്ളതും ഇനി ഉണ്ടാകുവാൻ സാധ്യതയുള്ളതുമായ പ്രളയം തുടങ്ങിയ ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനത്തെയും ജനങ്ങളുടെ ജീവിത രീതിയേയും ഭൂപ്രകൃതിയുടെ ജൈവ വൈവിദ്ധ്യത്തെയും വിശദമായി പഠിച്ചാണ് ഈ പദ്ധതി രേഖ തയ്യാറാക്കിയിരിക്കുന്നത്. ദുരന്ത സാധ്യതകൾ വിശകലനം ചെയ്യുന്നതിനോടൊപ്പം അതിൻറെ അത്യാഘാതം ലഘൂകരിക്കുന്നതിനുമുള്ള വിവിധ മാർഗ്ഗങ്ങളും പ്രയോഗിക നിർദ്ദേശങ്ങളും നഗരസഭയ്ക്ക് ലഭ്യമായ വിഭവങ്ങളുടെയും മനുഷ്യശേഷിയേയും പഠനവിധേയമാക്കിയതില് നിന്നും സംജാതമായിട്ടുള്ള വസ്തുതകളാണ് ഈ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## പ്രാധാന്യം

ദുരന്തങ്ങൾ എല്ലായ്പ്പോഴും മനുഷ്യനാശവും സാമ്പത്തിക നഷ്ടവും പ്രകൃതി ക്ഷോഭവും ഉണ്ടാക്കുന്ന ഒന്നാണ്. ഇവയെ പ്രതിരോധിക്കാൻതക്ക പ്രാപ്തിയും സംവിധാനങ്ങളും ഉണ്ടാക്കിയെടുക്കുക എന്നതാണ് ഈ സാഹചര്യത്തിൽ ഏറ്റവും പ്രാധ്യാന്യം അർഹിക്കുന്നത്. ആലോചിച്ച് നിൽക്കാൻ സമയം ഇല്ലാത്ത സാഹചര്യത്തിൽ പെട്ടെന്ന് ഉണ്ടാകുന്ന

മുന്നറിയിപ്പിൻറെ അടിസ്ഥാനത്തില് ദുരന്തത്തിന് ഇടയാകാൻ സാധ്യതയുള്ളവരെ സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുന്നതിനും ആവശ്യമായ പ്രഥമ ശുശ്രൂഷ പരിചരണം, ഭക്ഷണം എന്നിവ നൽകുന്നതിനും പിന്നീട് ഇവരെ സാധാരണ ജീവിതത്തിലേയ്ക്ക് മടക്കികൊണ്ടുവരുന്നതിനും ആവശ്യമായ മാർഗ്ഗരേഖയുടെ സാക്ഷാത്കാരം എന്ന നിലയിലുമാണ് ദുരന്തനിവാരണ പദ്ധതി രേഖ പ്രാധാന്യം അർഹിക്കുന്നത്.

## വിജയസാധ്യത

2018–ലെയും 2019–ലെയും പ്രളയ ദുരന്തങ്ങൾ കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത പ്രകൃതി ക്ഷോഭത്തിൻറെ ഘോരമായ മുഖമാണ്. അപ്രതീക്ഷിതമായ ഈ പ്രകൃതി ക്ഷോഭത്തില് മനുഷ്യരാശി പെട്ടെന്ന് അടി പതറി പോകുകയും പിന്നീട് ശക്തമായ തിരിച്ചറിവിൽ ദുരന്തത്തിന് ഇരയായവരെ  രക്ഷപ്പെടുത്താൻ ഇറങ്ങി പുറപ്പെടുകയും ചെയ്തിട്ടുള്ളതാണ്. സർക്കാര് ഇതര സ്ഥാപനങ്ങൾ സ്വകാര്യ മേഖലകൾ, ബാങ്കുകൾ, സന്നദ്ധ സംഘടനകൾ, നന്മമാത്രം മനസ്സിലുള്ള കുറെയധികം മനുഷ്യർ എന്നിവരുടെയെല്ലാം കൂട്ടായ സഹകരണത്തോടെയാണ് ഈ ദുരന്തങ്ങളെ തോൽപ്പിക്കാനും വിജയത്തിലേയ്ക്ക് നയിക്കാനും കഴിഞ്ഞത്. എഫ്.ജി.ഡി.യിലൂടെയും ട്രാൻസ്സെറ്റ് വാക്കിലൂടെയും ലഭ്യമായ വിവരങ്ങള് ഉടങ്ങിയവയാണ് ഈ പദ്ധതി രേഖയിൽ അടിസ്ഥാനമായി ഉൾപ്പെടുത്തിയിരിക്കുന്നത്. വളരെയധികം ജനകീയ ഇടപെടലുകളിലൂടെ ക്രോഡീകരിച്ച വിവരങ്ങൾ ദുരന്ത നിവാരണ അതോറിട്ടിയുടെയും കിലയുടെയും, നഗരസഭ, റവന്യൂ വകുപ്പുകളുടെയും മാർഗ്ഗരേഖ പ്രകാരമാണ് ഈ രേഖയിൽ പ്രതിപാദിച്ചിരിക്കുന്നത്. അതിനാൽ ദുരന്തങ്ങൾ ഒഴിവാക്കുന്നതിനും ദുരന്തങ്ങൾ വന്നാൽ മുൻകൂട്ടിയുള്ള പ്രവർത്തനത്തിലൂടെ ആഘാതം ലഘൂകരിക്കുന്നതിനും കൂടുതൽ ഫലപ്രദമായി വിജയസാധ്യതയിലേയ്ക്ക് എത്തിക്കുവാനും കഴിയും

## രീതി ശാസ്ത്രം

ഏറ്റുമാനൂർ നഗരസഭയുടെ വിവിധ പ്രദേശങ്ങളില് നടത്തിയ ഗ്രൂപ്പുതല ചർച്ചകളുടെയും വസ്തുതാ നിർണ്ണയ യാത്രകളുടെയും അടിസ്ഥാനത്തില് ലഭിച്ചതും വിവിധ സർക്കാര് രേഖകളില് നിന്നും വകുപ്പുകളിൽ നിന്നും ലഭിച്ച വിവരങ്ങളും പഴമയുടെ അറിവുകളും ഒത്തുചേർത്ത് ഗവേഷണ ബുദ്ധിയോടെ വിശകലനം ചെയ്താണ് ഈ രേഖ തയ്യാറാക്കിയിരിക്കുന്നത്. ഇതിനായി നഗരസഭ ഭരണ സമിതി അംഗങ്ങള്, ഉദ്യോഗസ്ഥര്, വിവിധ ടീം അംഗങ്ങള് എന്നിവർക്കും കിലയുടെ നേതൃത്വത്തിൽ വിദഗ്ധ പരിശീലനം ലഭിച്ചിട്ടുണ്ട്. ശാസ്ത്രീയമായ ഒരു അവലോകനം ഈ പുസ്തകത്തിൽ അപഗ്രഥിച്ചിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ സ്ഥാപന ദുരന്ത നിവാരണ പദ്ധതി ഘടനയും, മാർഗ്ഗരേഖയും

| | |
|---|---|
| നഗരസഭയുടെ പേര് | ഏറ്റുമാന്നൂർ നഗരസഭ |
| ബ്ലോക്ക് | ഏറ്റുമാന്നൂർ |
| വില്ലേജുകൾ | ഏറ്റുമാന്നൂർ, പേരൂർ, പെരുമ്പായിക്കാട് |
| ജില്ല | കോട്ടയം |
| തീയതി | ... |

## തദ്ദേശ സ്വയംഭരണ സ്ഥാപനം പൊതുവിവരങ്ങൾ

### വിവരണം

| | |
|---|---|
| നഗരസഭയുടെ പേര് | ഏറ്റുമാന്നൂർ നഗരസഭ |
| വില്ലേജ് | ഏറ്റുമാന്നൂർ, പേരൂർ, പെരുമ്പായിക്കാട് |
| താലൂക്ക് | കോട്ടയം |
| ജില്ലാ പഞ്ചായത്ത് | കോട്ടയം |
| ബ്ലോക്ക് | ഏറ്റുമാന്നൂർ |
| അംസബ്ലി മണ്ഡലം | ഏറ്റുമാന്നൂർ |
| ലോക്സഭാ മണ്ഡലം | കോട്ടയം |
| വിസ്തീർണ്ണം | 27.8 ച്. കീ |

## അതിരുകൾ

| | |
|---|---|
| വടക്ക് | ചെത്തിത്തോട്, കാണക്കാരി പഞ്ചായത്ത് |
| തെക്ക് | മീനച്ചിലാറ്, കോട്ടയം നഗരസഭ |
| കിഴക്ക് | കിടങ്ങൂർ പഞ്ചായത്ത് |
| പടിഞ്ഞാറ് | അതിരമ്പുഴ പഞ്ചായത്ത് |
| വാർഡുകള് | 36 |
| ജനസംഖ്യ | 45837 |
| പുരുഷൻമാര് | 22877 |
| സ്ത്രീകൾ | 22968 |
| സാക്ഷരത | 95% |

## നഗരസഭ ഭരണ സമിതി അംഗങ്ങൾ

ശ്രീ. ടോമി കുരുവിള, ചെയർപേഴ്സൺ, (വാർഡ് 26)

ശ്രീമതി പുഷ്പ വിജയകുമാർ, വൈസ് ചെയർപേഴ്സൺ (വാർഡ് 1)

ശ്രീ. ബിബിൻ ബാബു, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, (വാർഡ് 9)

ശ്രീമതി പ്രിയ സജീവ്, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, (വാർഡ് 13)

ശ്രീ. മാത്യു വാക്കത്തുമാലിൽ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, (വാർഡ് 8)

ശ്രീമതി മേരിക്കുട്ടി ജോസഫ്, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, (വാർഡ് 31)

അഡ്വ. ജേക്കബ് ഡി നെല്ലിക്കാപ്പള്ളി, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, (വാർഡ് 24)

| നമ്പർ | കൗൺസിലർമാരുടെ പേര് | വാർഡ് |
|---|---|---|
| 1 | അനീഷ് മോൻ | 2 |
| 2 | ബീന ഷാജി പാടിയത്ത് | 3 |
| 3 | സന്ധ്യാ റോയി | 4 |
| 4 | ലൗലി ജോർജ് പടികര | 5 |
| 5 | ഫിലോമിന ജോൺസൺ | 6 |
| 6 | ഇ .എസ് ബിജു | 7 |
| 7 | ജിഷ പ്രദീപ് | 10 |
| 8 | അഡ്വ.മോഹൻദാസ് റ്റി പി | 11 |
| 9 | സിബി ചിറയിൽ | 12 |
| 10 | അമ്പിളി ശ്രീകുമാരൻ | 14 |
| 11 | ശുഭ ഗോപാലൻ | 15 |
| 12 | രാധിക രമേശ് | 16 |
| 13 | നിഥിൻ കെ രാജ് | 17 |
| 14 | ബിബിൻ പി സണ്ണി | 18 |
| 15 | ചാക്കോ (ജോയി മന്നാമല ) | 19 |
| 16 | ഷൈല ജെയ്മോൻ | 20 |
| 17 | സിന്ധു കറുത്തേടത്ത് | 21 |
| 18 | മിനി കെ. ജെ | 22 |
| 19 | കുഞ്ഞുമോൾ പടിഞ്ഞാറേകല്ലുങ്കൽ | 23 |
| 20 | മോനമ്മ | 25 |
| 21 | ബിബീഷ് ജോർജ് (എബി വേലിമറ്റത്തിൽ ) | 27 |
| 22 | സുബിൻ സാബു മണ്ണൂക്കുഴി | 28 |
| 23 | ഷിജി ജോബി | 29 |
| 24 | അഡ്വ. വി.ജയപ്രകാശ് | 30 |
| 25 | വേണു ഗോപാലൻ നായർ | 32 |
| 26 | അന്നമ്മ (സൂസി തോമസ് ) | 33 |
| 27 | രശ്മി ശ്യാം | 34 |
| 28 | ഉഷാ സുരേഷ് | 35 |
| 29 | താര സുരേഷ് | 36 |

## നഗരസഭ ജീവനക്കാർ

| പേര് | തസ്തിക |
|---|---|
| ശ്രീ. ജൂഹി മരിയ ടോം | നഗരസഭാ സെക്രട്ടറി |
| ശ്രീ. അജിത്കുമാർ ബി. | അസി. സെക്രട്ടറി/സൂപ്രണ്ട് |
| ശ്രീ. അഞ്ചു കെ. തമ്പി | ക്ലീൻസിറ്റി മാനേജർ |
| ശ്രീ. മധു കെ | സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്–I |
| ശ്രീ. കുഞ്ഞുമോൻ ജോസ് | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്–I |
| ശ്രീമതി സൂസൻ രാജ് | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്–II |
| ശ്രീമതി മഞ്ചു ഐപ്പ് | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്–II |
| ശ്രീമതി ലേഖ പി.ജി. | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്–II |
| ശ്രീ. ബിനേഷ് കുമാർ | റവന്യൂ ഇൻസ്പെക്ടർ |
| ശ്രീമതി റീന മത്തായി | അക്കൗണ്ടന്റ് |
| ശ്രീമതി ശ്രുതി റ്റി.ആർ. | സീനിയർ ക്ലർക്ക് |
| ശ്രീ. ബിജു കെ.കെ. | സീനിയർ ക്ലർക്ക് |
| ശ്രീമതി ജിറ്റി ജോർജ് | സീനിയർ ക്ലർക്ക് |
| ശ്രീ. ദീപു ഹെഗ്ഡൻ | സീനിയർ ക്ലർക്ക് |
| ശ്രീമതി സെലിൻ മാത്യു | സീനിയർ ക്ലർക്ക് |
| ശ്രീ. പ്രദീപ് ജോയി | ക്ലർക്ക് |
| ശ്രീ. അമൽ | ക്ലർക്ക് |
| ശ്രീമതി അനിറ്റ് സിറിയക് | ക്ലർക്ക് |
| കുമരി ക്രിസ് ജോർജ് | ക്ലർക്ക് |
| ശ്രീ. ആൽഡിൻ വർഗ്ഗീസ് മാർട്ടിൻ | ക്ലർക്ക് |
| ശ്രീമതി സജിതമോൾ എ കെ | ടൈപ്പിസ്റ്റ് |
| ശ്രീമതി രതി റ്റി | ജെ.പി.എച്ച്.എൻ. |
| ശ്രീമതി ശ്രീജമോൾ പി.കെ. | ഒ.എ. |
| ശ്രീ. അരുൺ സി.എ. | ഒ.എ. |
| ശ്രീമതി വന്ദന പി. നായർ | ഒ.എ. |
| ശ്രീമതി മഞ്ജു രാമചന്ദ്രൻ | ഐ.കെ.എം. റ്റി.എ. |
| ശ്രീ. മുഹമ്മദ് ഷാഫി | ഡ്രൈവർ |
| ശ്രീമതി ജാൻസി തോമസ് | പാർട്ട്–ടൈം ലൈബ്രേറിയൻ |
| ശ്രീ. രാഹുൽ റ്റി.ആർ. | ഐ.കെ.എം. റ്റി.എ. |

### എഞ്ചിനിയറിംഗ് വിഭാഗം

| | |
|---|---|
| ശ്രീമതി ആരിഫാ ജെ. | അസി. എഞ്ചിനീയർ |
| ശ്രീ. ബിനുകുമാർ | ഓവർസീയർ |
| ശ്രീമതി അനുസ്മിത | ഓവർസീയർ |

# ഏറ്റുമാന്യർ നഗരസഭ
# ദുരന്ത ലഘൂകരണ പദ്ധതി-2026
# അദ്ധ്യായം-1
# പൊതുവിവരങ്ങൾ

മതമൈത്രിയുടെയും, ജനാധിപത്യത്തിന്റെയും ഈറ്റില്ലമാണ് ഏറ്റുമാനൂർ. നാനാജാതി മതസ്ഥർ ഇവിടെ പാർക്കുന്നു. ഏതാണ്ട് ഇരുപത്തിയേഴോളം ക്രൈസ്തവ ദേവാലയങ്ങളും ഇരുപത്തിയാറോളം ഹൈന്ദവ ക്ഷേത്രങ്ങളും അഞ്ച് മുസ്ളീം പള്ളികളും ഈ മുനിസിപ്പാലിറ്റിയിൽ ഉണ്ട്.

ഏറ്റുമാനൂർ മഹാദേവ ക്ഷേത്രം, മാരി അമ്മൻ കോവിൽ, പേരൂർ കാവ് ഭഗവതി ക്ഷേത്രം തുടങ്ങിയ ഹൈന്ദവ ദേവാലയങ്ങള്, പേരൂർ മർത്തശ്മൂനി പള്ളി, സെൻറ് ജോസഫ് ദേവാലയം, ക്രിസ്തുരാജ് ദേവാലയം തുടങ്ങിയ ക്രിസ്ത്യൻ ആരാധനാലയങ്ങൾ, അതി പുരാതനമായ ഏറ്റുമാനൂർ ജമാഅത്ത് കൈതമലപള്ളി എന്നിവയാണ് ഇതിൽ പ്രധാനപ്പെട്ട ആരാധനാലയങ്ങൾ.

തിരുവതാംകൂര് ദേവസ്വം സൂപ്രണ്ട് ആയിരുന്ന ശ്രീ. ശങ്കുണ്ണി മേനോൻ 1946-ൽ സ്ഥാപിച്ച ഒരു ഹിന്ദുമത പാഠശാല ഇവിടെ സ്ഥിതിചെയ്യുന്നു. സ്വാതന്ത്ര്യ ലബ്ദിക്ക് മുമ്പ് സ്ഥാപിതമായ ശ്രീമൂലം ഷഷ്ട്യബ്ദപൂർത്തി സ്മാരക പബ്ലിക് ലൈബ്രറി, ചെറുവാണ്ടൂര് പീപ്പിൾസ് ലൈബ്രറി, ത്രിവേണി ലൈബ്രറി മാടപ്പാട്, നെഹ്റു മെമ്മോറിയൽ പബ്ലിക് ലൈബ്രറി, മുനിസിപ്പൽ ലൈബ്രറി എന്നിവ സാസംകാരിക രംഗത്തെ നെടും തൂണായി നിലകൊള്ളുന്നു.

സുപ്രസിദ്ധ സിനിമാ നടനായ ശ്രീ. എസ്.പി. പിള്ള ഏറ്റുമാനൂരിന്റെ പുത്രനാണ്. സാഹിത്യ നായകന്മാരായ ശ്രീ. കാരൂർ നീലകണ്ഠപിള്ള, ശ്രീ. ഏറ്റുമാനൂർ ചന്ദ്രശേഖരൻ നായർ, ശ്രീ. ഏറ്റുമാനൂർ സോമദാസ്, ശ്രീ. പേരൂർ വേണു, ശ്രീ. ഏറ്റുമാനൂർ ശ്രീകുമാർ കഥകളി നടൻ ശ്രീ. ഏറ്റുമാനൂർ കണ്ണൻ, പ്രശസ്ത ഹാസ്യസാമ്രാട്ട് ശ്രീ. വി.ഡി. രാജപ്പൻ, തിരക്കഥാകൃത്ത് ഡെന്നീസ് ജോസഫ് എന്നീ അനുഗ്രഹീത കലാകാരന്മാരുടെ ജന്മനാടാണ് ഏറ്റുമാനൂർ.

ഏറ്റുമാനൂർ നഗരസഭ സമീപകാലത്തായി നേരിട്ട ദുരന്തങ്ങളാണ്. 2018-19 വർഷങ്ങളിലെ പ്രളയം. മീനച്ചിലാറ് അതിരിടുന്ന കിഴക്ക് തെക്ക് ഭാഗങ്ങളിൽ പ്രളയം കാർഷിക മേഖലയാകെ ദുരന്തം വിതച്ചു. നട്ടവത്തേരി, തെള്ളകം ചെറുവാണ്ടൂർ പാടശേഖരങ്ങളും മീനച്ചിലാറും അതിന്റെ കൈതോടുകളുടെ പ്രദേശങ്ങളും പ്രളയത്തിൽ മുങ്ങി. കൃഷിനാശത്തോടൊപ്പം വളരെയധികം വീടുകളിലും ജലം കയറി വീട്ടു സാമഗ്രികൾ നശിച്ചു. കുറേയധികം വീടുകൾക്ക് നാശനഷ്ടമുണ്ടായി. 174 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു. നഗരസഭയുടെ കിഴക്ക് തെക്കൻമേഖലകളിൽ പ്രളയജലം കയറിയെങ്കിലും വടക്കുപടിഞ്ഞാറൻ മേഖലകൾക്ക് കാര്യമായ പ്രശ്നങ്ങൾ ഉണ്ടായില്ല. നഗരസഭയുടെ ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ടാണ് ഇത് സാധ്യമാകുന്നത്. പടിഞ്ഞാറൻ പ്രദേശം താരതമ്യേന ഉയർന്നപ്രദേശവും കിഴക്കൻമേഖല താഴ്ന്ന

പ്രദേശവുമാണ്. എങ്കിലും ഈ പ്രളയത്തിൽ ജീവഹാനിയൊന്നും സംഭവിക്കാതെ സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

2015-മുതൽ കാലാവസ്ഥയിൽ മാറ്റവും കണ്ടുവരുന്നുണ്ട്. 2018 ആയപ്പോഴേയ്ക്കും അന്തരീക്ഷ താപനിലയിലും അന്തരീക്ഷ ഈർപ്പത്തിലും കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതുമൂലം കാലം തെറ്റിപെയ്യുന്ന മഴയും പ്രളയവും ജീവനോപാധികളെ നശിപ്പിക്കുന്ന സ്ഥിതിയും ഉണ്ടായിരിക്കുന്നു. കാലവർഷത്തിലും ഇടവപ്പാതിയിലും ഉണ്ടായ കാലവ്യത്യാസം മൺസൂണുകളെ ആശ്രയിച്ച് കൃഷി ചെയ്തുപോന്നിരുന്ന കർഷകരെ വലിയ പ്രതിസന്ധിയിൽ ആക്കിയിട്ടുണ്ട്. കാലാവസ്ഥയിൽ ഉണ്ടായ മാറ്റം അതിവൃഷ്ടിക്കും വരൾച്ചയ്ക്കും കാരണമാകുന്നുണ്ട്.